പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 185

28.05.2019 ൽ
മറുപടിയ്ക്ക്

## മണപ്പള്ളി പോലീസ് ഔട്ട് പോസ്റ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. രാമചന്ദ്രൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ മണപ്പള്ളി പോലീസ് ഔട്ട് പോസ്റ്റിൽ പരാതികൾ സ്വീകരിക്കുന്നതിനും ആയത് അന്വേഷിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ മണപ്പള്ളിയിൽ പോലീസ് ഔട്ട് പോസ്റ്റ് പ്രവർത്തിക്കുന്നില്ല. ഈ പ്രദേശത്തിന് സമീപം തഴവ എന്ന സ്ഥലത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത എയ്ഡ് പോസ്റ്റിൽ ലഭിക്കുന്ന പരാതികൾ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ അയച്ച് നൽകുകയും ടി എയ്ഡ് പോസ്റ്റിൽ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ അന്വേഷണം നടത്തി സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് സമർപ്പിക്കുന്നു. |
| (ബി) ഇവിടെ വാഹനം അനുവദിച്ചിട്ടുണ്ടോ, എത്ര ജീവനക്കാർക്ക് ഇവിടെ ദിവസവും ചുമതല നൽകുന്നുണ്ടെന്ന് വിശദീകരിക്കുമോ; | (ബി) വാഹനം അനുവദിച്ചിട്ടുണ്ട്. കരുനാഗപ്പള്ളി, ഓച്ചിറ എന്നീ പോലീസ് സ്റ്റേഷനുകളിൽ നിന്നും രണ്ട് വീതം പോലീസ് ഉദ്യോഗസ്ഥരെ ഒന്നിടവിട്ട് ദിവസങ്ങളിൽ ഡ്യൂട്ടിക്ക് നിയോഗിച്ച് വരുന്നു. |
| (സി) മണപ്പള്ളി, പാവുമ്പ, കുതിരപ്പന്തി പ്രദേശങ്ങളിൽ ക്രമസമാധാന പ്രശ്നങ്ങളുണ്ടാകുമ്പോൾ പോലീസിന് സ്ഥലത്ത് എത്തിച്ചേരുന്നതിനുള്ള കാലതാമസവും പ്രദേശത്ത് അടിക്കടിയുണ്ടാകുന്ന ക്രമസാധാനപ്രശ്നങ്ങളും കണക്കിലെടുത്ത് ഇവിടെ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതും അനുമതി നൽകിയതുമായ പോലീസ് സ്റ്റേഷനുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകുന്നത്. |

സെക്ഷൻ ഓഫീസർ